## PRE BOARD EXAMINATION, JANUARY 2020

### SECOND LANGUAGE – MALAYALAM

**Class : x** **M. Mark : 80**

**Date :** 14-01-2020 **Time : 3 hrs**

## എ - വിഭാഗം

**1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഇന്ത്യയിൽ പ്രധാനമായും കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇതു ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം 2013 മേയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത് ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി, മലനാട്ട് ഭാഷ എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമേ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കന്യാകുമാരിജില്ല, നീലഗിരി ജില്ല കർണാടകയുടെ ദക്ഷിണ കന്നഡ ജില്ല, കൊടഗ് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. മലയാളത്തെ ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റ് 21 ഭാഷകളുടേതു പോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാള ഭാഷയുടെ ഉല്പത്തിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. പഴയ തമിഴ് (കൊടുംതമിഴ്) ആണ് മലയാളത്തിന്റെ ആദ്യ രൂപം എന്നു കരുതുന്നു. യു. എ. ഇ.-യിലെ നാലു ഔദ്യോഗിക ഭാഷകളിൽ ഒന്നു മലയാളം ആണ്.മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലയാളികൾ എന്നു വിളിക്കുമ്പോഴും, ഭാഷയുടെ കേരളീയപാരമ്പര്യം പരിഗണിച്ച് കേരളീയർ എന്നും വിളിച്ചു പോരുന്നു. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്.

1. മലയാള ഭാഷയെ ദേശീയ ഭാഷ ആക്കിയത് എന്ത്കൊണ്ട് ?
2. ഏതൊക്കെ നാടുകളിലാണ് മലയാളം ഉപയോഗിക്കുന്നത് ?
3. മലയാള ഭാഷയുടെ ആദ്യ രൂപം ഏതാണ് ?
4. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകിയതെന്ന് ആര് ?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക . **5 x 2 = 10**

## ബി - വിഭാഗം

**2. a.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** (1 x 7 = 7)

1. നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ വർധിച്ചു വരാനുള്ള കാരണങ്ങൾ .
2. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങളും പ്രത്യാഘാതങ്ങളും.
3. മാറിവരുന്ന ജീവിതശൈലിയും രോഗങ്ങളും .

**b. കുട്ടികൾക്കെതിരെ വർധിച്ചുവരുന്ന അക്രമങ്ങളിൽ ആശങ്ക അറിയിച്ചു കൊണ്ട് ബാലാവകാശ കമ്മീഷൻ അധ്യക്ഷന് കത്ത് തയ്യാറാക്കുക.** (1 x 7 = 7)

## സി - വിഭാഗം

**3. a.പ്രയോഗം മാറ്റുക** (2 x 1 = 2)

1. ഞാനവൾക്ക് ഒരേ അളവിൽ സ്നേഹം തിരിച്ചു നൽകുകയും ചെയ്തു
2. അവിടെ കിളിച്ചുപൊന്തിയ മാവിന്റെ തയ്യ് കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മയാൽ വാത്സല്യത്തോടെ വളർത്തപ്പെട്ടു.

**b. അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കുക** (1x1=1)

തയ്യൽക്കാരൻ എന്തോ പറയാൻ മടിക്കുകയാണെന്ന് മത്തായിക്ക് തോന്നി

**c. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (1 x 1 = 1)

ദസ്തയേവ്സ്കി ധാരാളം സ്വയം ആത്മകഷതങ്ങൾ ഏറ്റ എഴുത്തുകാരനാണ്

**d. അംഗവാക്യം ആംഗി വാക്യം ഇവ വേർതിരിച്ചെഴുതുക** (1 x 1 = 1)

ആശുപത്രിയിൽ നിന്ന് വരുമ്പോൾ ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു.

## ഡി - വിഭാഗം

**4. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക :**

a. വിപരീതപദമെഴുതുക (4 x ½ = 2)

a. ഉന്മേഷം b. അനാഥം c. മുക്തർ d അതിഥി

( ബന്ധിതർ,വിനാഥം, നിരുന്മേഷം, സനാഥം, സതിഥി, ആതിഥേയൻ, )

**b. അർത്ഥവ്യത്യാസം എഴുതുക** (2 x 1 = 2)

a. അങ്കം - അംഗം ( ആഭരണം ,അവയവം, ലക്ഷണം ,യുദ്ധം )

b. നിറവ് - നിനവ് ( ദയ, ഓർമ്മ, ആർദ്രത , പൂർണ്ണത )

**c. എതിർലിംഗം എഴുതുക** (2 x 1 = 2)

a. സായകൻ ( സായകി, സായിക, സായക, സായികി )

b. ഇന്ദ്രൻ ( ഇന്ദ്രജ, ഇന്ദിര, ഇന്ദ്രാണി, ഇന്ദ്ര )

**d. പര്യായപദങ്ങൾ എഴുതുക** (2 x 1 = 2)

a. അടയാളം b. തിണ്ണ

**e. നാനാർത്ഥം എഴുതുക** (2 x 1 = 2)

a. ബിന്ദു b. പ്രാണി

**f. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** (2 x 1 = 2)

a. ദശാന്തരേ b. അടുക്കിയോതുക്കി

**g. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക** (2 x 1 = 2)

a. ചിരംജീവി b. മഹാബലിമന്നൻ

**5. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** (10 x ½ = 5)

a. "കാരണവരെ കട്ടാൽമതി ജയിലിലെത്തിച്ചേരാം". ഇങ്ങനെപറഞ്ഞത് ആര്?

( ചെമ്പ്മത്തായി, പോലീസുകാർ, അപരിചിതർ, പാറാവുകാർ )

b. യുക്തിയുള്ളിടത്തല്ലേ യുക്തിവാദം ജയിക്കൂ ലേഖകൻ ഇങ്ങനെ ചിന്തിക്കുന്നത് ആരെക്കുറിച്ച്?

( ചാക്കുണ്ണിയെ, വെള്ളായിയപ്പനെ, അശ്വത്ഥാമാവിനെ, അമ്മയെ )

c. "മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു" ഇത് ആരുടെ കഥാസമാഹാരമാണ്?

( പെരുമ്പടവം ശ്രീധരൻ, എ. പി ഉദയഭാനു, ഇ. സന്തോഷ്കുമാർ, ഒ. വി വിജയൻ )

d. തൂലിക പടവാളാക്കിയ കവി എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?

( വൈലോപ്പിള്ളി, കുമാരനാശാൻ, കുഞ്ചൻനമ്പ്യാർ, വയലാർ )

e. 'നിന്നോളമില്ല മറ്റാർക്കും' ലക്ഷ്മണന്റെ ഏതു ഭാവത്തെപ്പറ്റിയാണ് രാമൻ പറയുന്നത്?

( ഭക്തി , ക്രോധം , വാത്സല്യം , ശോകം )

f. അർത്ഥിക്ക് ഈശ്വരൻ നല്കുന്നതെന്ത് ?

( ധനം , ആയുസ്സ് , ജീവിതം , പ്രിയം )

g. കുട്ടികൾ തൊട്ടുവായിച്ചാലശുദ്ധമാകുമേന്നോതിയതാര്?

( കവി , അമ്മ , ഭാര്യ , അന്ന )

h. 'നല്ലതിഥി നമുക്കിനിയാരിതുപോലെ' ഇവിടെ ആരെയാണ് അതിഥി എന്ന് വിശേഷിപ്പിക്കുനത്.

( ദിവാകരനെ , മഹാബലിയെ , അമ്മയെ , പുള്ളുവനെ )

i. "ഞങ്ങളുടെ ആനന്ദത്തിന് ഞങ്ങളോട് ക്ഷമിച്ചുകൊണ്ട് ഞങ്ങളെ കടന്നു പോവുക" ഇങ്ങനെ പറഞ്ഞതാര് ?

( മിഷ്കിൻ , ഇപ്പോലിത്ത്, അന്ന , സ്റ്റെല്ലോവ്സ്കി )

j. 'ഭാരതപര്യടനം' എന്ന കൃതി ഏതു സാഹിത്യശാഖയിൽ പെടുന്നു?

( കഥ , നിരൂപണം, നോവൽ , ജീവചരിത്രം )

**6. ഉത്തരമെഴുതുക** **( 6 x 4 = 24 )**

a.ഭാവശാലികൾ പിരിഞ്ഞുകൂടിയാ
ലീവിധം വികലമാം സുഖോദയം" . ഈ വരികളുടെ സന്ദർഭം ആശയം ഇവ വിശദമാക്കുക.

b.മാതൃഭാഷയെപ്പറ്റിയുള്ള എന്തെല്ലാം സൂചനകളാണ് 'ഓണമുറ്റത്ത്' എന്ന കവിതയിൽ കവി നൽകിയിരിക്കുന്നത്.

c.ചക്ഷു:ശ്രവണഗളസ്തമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു"
ഈ വരികളുടെ കാലിക പ്രസക്തി എന്ത് ?

d. ചാക്കുണ്ണി എന്ന കഥാപാത്രത്തെ വിലയിരുത്തി നിരൂപണം തയ്യാറാക്കുക

e. "എന്നാൽ സ്വയം ചത്തും മാവിനെ കാത്തുപോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപ്പിച്ച് ഓടിച്ചുകളഞ്ഞു" സന്ദർഭം ആശയം ഇവ വ്യക്തമാക്കുക.

f. "ആത്മാവിന്റെ വെളിപാടുകൾ" എന്ന പേര് പാഠഭാഗത്തിന് എത്രമാത്രം അനുയോജ്യമാണ് എന്ന് വിലയിരുത്തുക.

7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (2 x 4 = 8)

a. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികളുടെ പ്രവത്തനങ്ങൾ വിലയിരുത്തുക.

b. കുഞ്ഞൻപിള്ള താൻ അന്വേഷിച്ചുനടന്ന ആത്മീയഗുരുവിനെ എങ്ങിനെ ആണ് കണ്ടെത്തിയത്?

c. സ്വാമികളുടെ അഹിംസാ നിർവചനത്തെക്കുറിച്ച് വിശദീകരിക്കുക.

---